(ബി) പ്രസ്തുത ബാങ്കുകൾ വഴി എത്ര പേർക്ക് എത്ര രൂപ വായ്പ നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 10 വനിതാ ബാങ്കുകൾ പ്രവർത്തിക്കുന്നു. അവ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഇതു സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ശുദ്ധജല അക്വേറിയത്തിന്റെ നിർമ്മാണം

119 [3266] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും വലിയ ശുദ്ധജല അക്വേറിയം സ്ഥാപിക്കാൻ ഉദ്ദേശിച്ചു കൊണ്ട് നെയ്യാർ ഡാമിൽ മന്ദിരം പണികഴിപ്പിച്ചിട്ടുണ്ടോ;

(ബി) അക്വേറിയത്തിനായുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത മന്ദിരത്തിന്റെ നിർമ്മാണത്തിന് എത്ര രൂപ ചെലവായി എന്ന് അറിയിക്കാമോ;

(ഡി) അക്വേറിയം നിർമ്മാണത്തിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ;

(എഫ്) വർണ്ണ മത്സ്യങ്ങളാൽ അലംകൃതമായ അക്വേറിയം എന്ന് യാഥാർത്ഥ്യമാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ പണി മുഴുവനായി പൂർത്തിയാക്കിയിട്ടില്ല.

(ബി) കെട്ടിടം പണി പൂർത്തിയാകാത്തതിനാൽ മറ്റ് സജ്ജീകരണങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) ഇതുവരെ 99,33,790 രൂപ (തൊണ്ണൂറ്റൊമ്പതു ലക്ഷത്തി മുപ്പത്തിമൂവായിരത്തി എഴുനൂറ്റി തൊണ്ണൂറു രൂപ മാത്രം) ചെലവായി.

(ഡി) ഉണ്ട്.

(ഇ) അക്വേറിയത്തിനുള്ള കെട്ടിട നിർമ്മാണത്തിൽ പ്രഥമദൃഷ്ട്യാ ധനദുർവിനിയോഗം കണ്ടതിനാൽ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

(എഫ്) വിജിലൻസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

† അനുബന്ധം VII.

LIBRARY ARCHIVES Kerala Legislative Assembly